കേര കർഷകർക്ക് സഹായം

108 [389] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

,, പി. കെ. കെ. ബാവ:

,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ഡരി രോഗംമൂലം തെങ്ങയുടെ ഉത്പാദനം കുറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുകൾ നട്ടു പിടിപ്പിക്കുന്നതിന് കേരകർഷകർക്ക് സഹായം നൽകുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നതിന് കർഷകർക്ക് നാളികേര വികസന ബോർഡ് പദ്ധതിപ്രകാരം തെങ്ങൊന്നിന് 250 രൂപ നൽകുന്നുണ്ട്. കൂടാതെ ടെക്നോളജി മിഷൻ പദ്ധതിയനുസരിച്ച് തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് തെങ്ങൊന്നിന് 250 രൂപ നൽകിവരുന്നു. കൂടാതെ സംസ്ഥാന നാളികേര വികസന പദ്ധതിപ്രകാരം തൃശ്ശൂരിന് വടക്കുള്ള ജില്ലകളിൽ തെങ്ങിന് രോഗബാധ കണ്ടാലുടൻ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ നിരക്കിലും ധനസഹായം നൽകുന്നുണ്ട്.

കോക്കനട്ട് ബോർഡ് സ്കീം

109 [390] ശ്രീ. എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്കനട്ട് ബോർഡ് സ്കീം അനുസരിച്ച് രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിന് 2003-2004-ൽ മൊത്തം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) തെങ്ങുകൾ വെട്ടിമാറ്റിയ കർഷകർക്ക് ഇനിയും ആനുകൂല്യം വിതരണം ചെയ്യാൻ അവശേഷിക്കുന്നത് ഏതൊക്കെ ജില്ലകളിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ആനുകൂല്യ വിതരണത്തിൽ കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly